(ഇ) ഓരോ പദ്ധതിയുടേയും കുടിശ്ശിക തുക എത്രയെന്നും പ്രസ്തുത തുക എത്ര നാളിനുള്ളിൽ നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ് നേരിട്ടും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നീ ഏജൻസികൾ വഴിയും നടത്തുന്ന ക്ഷേമ പദ്ധതികളും അവ ആരംഭിച്ച തീയതിയും † അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.

(ബി) ഇതു സംബന്ധിച്ച വിവരം † അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.

(സി) ഇതു സംബന്ധിച്ച വിവരം † അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു.

(ഡി) ഇതു സംബന്ധിച്ച വിവരം † അനുബന്ധം 4-ൽ ചേർത്തിരിക്കുന്നു.

(ഇ) ഇതു സംബന്ധിച്ച വിവരം † അനുബന്ധം 5-ൽ ചേർത്തിരിക്കുന്നു. കുടിശ്ശിക, ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് നൽകുന്നതാണ്.

മത്സ്യബന്ധനോപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

86 [1772] ശ്രീ. പി. നാരായണൻ:
„ പി. എസ്. സുപാൽ:
„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനോപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇപ്പോൾ ലഭിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഓരോ ഉപകരണവും എത്ര രൂപയ്ക്ക് വീതമാണ് ഇൻഷ്വർ ചെയ്യുന്നതെന്നും ഇതിൽ സർക്കാർ പ്രീമിയം എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) ഇൻഷ്വറൻസ് പ്രീമിയം കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര കുടിശ്ശിക അടച്ചുതീർക്കുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2002 മുതൽ മത്സ്യഫെഡ് നടപ്പിലാക്കിയ വായ്പാ പദ്ധതികൾ വഴി മത്സ്യബന്ധന ഉപകരണങ്ങൾ ലഭിച്ചിട്ടുള്ള 5,960 മത്സ്യത്തൊഴിലാളികൾക്ക്.

(സി) മത്സ്യബന്ധന ഉപകരണത്തിന്റെ വിലയായി നൽകുന്ന വായ്പാത്തുക യ്ക്കാണ് പരിരക്ഷ ലഭിക്കുന്നത്. ഇപ്രകാരം വിതരണം ചെയ്യുന്ന തുകയുടെ 4% ആണ് സുരക്ഷാ സ്കീമിലേയ്ക്കുള്ള വിഹിതം. ഇത് തൊഴിലാളികളിൽ നിന്നുതന്നെ സ്വീകരിക്കുന്നു.

(ഡി) കുടിശ്ശികയില്ല.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പ്

87 [1773] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
" തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകൃത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പിന് എത്ര കുട്ടികൾ അർഹരായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തു തുക വേണ്ടിവരുമെന്നറിയിക്കാമോ;

(സി) സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കു ന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly